# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2023 ഫെബ്രുവരി 8, ബുധൻ

**നമ്പർ 98**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, ബാനറും പ്ലക്കാർഡുകളും ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.]

**അനുശോചന പ്രമേയം :**

തുർക്കി-സിറിയ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് കേരള നിയമസഭയുടെ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു.

പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

**അടിയന്തരപ്രമേയം :**

ലൈഫ് ഭവന പദ്ധതി പ്രഖ്യാപിത പുരോഗതി കൈവരിക്കാത്തതുമൂലം ഭവനരഹിതർ പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്നത്മൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. കെ. ബഷീറും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

KNPP. 169/2023(i).

<u>ശ്രദ്ധ ക്ഷണിക്കൽ :</u>

(1) എ. സി. കനാൽ ഒന്നാംകരയിൽ നിന്നും പള്ളാത്തുരുത്തി വരെ നീട്ടി തുടർച്ചയായ മിന്നൽ പ്രളയം ഒഴിവാക്കാനുള്ള പദ്ധതിയുടെ ആവശ്യകതയിലേക്ക് ശ്രീ. ജോബ് മൈക്കിൾ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) കൊച്ചി നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പുതിയൊരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആലുവയിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ടി. ജെ. വിനോദ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | അഞ്ചരക്കണ്ടി പുഴയോര സംരക്ഷണം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. എസ്. സുപാൽ | SBI-യെ സംബന്ധിച്ച പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാർ ഇടപെടൽ | ധനകാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. മുരളി പെരുനെല്ലി | ചോട്ടിലപ്പാറ പാലം പുനർ നിർമ്മാണം | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. പി. രാമകൃഷ്ണൻ | കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡ് പ്രവൃത്തി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 5 | ശ്രീ. അനൂപ് ജേക്കബ് | പെരുവ-പിറവം-പെരുവാമൂഴി റോഡ്, ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡ് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. ഡി. കെ. മുരളി | വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 7 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. ആന്റണി ജോൺ | തങ്കളം-കാക്കനാട് നാലുവരിപ്പാത | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. ഉബൈദുള്ള | സംസ്ഥാന വഖഫ് ബോർഡിനുള്ള ഗ്രാന്റിൽ വർദ്ധന | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം, ന്യൂനപക്ഷ ക്ഷേമം വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

i) പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ii) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

<u>ധനകാര്യം</u> :

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീമതി കാനത്തിൽ ജമീല

ശ്രീമതി ഉമ തോമസ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. എ. പ്രഭാകരൻ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ശ്രീമതി കെ. കെ. രമ

ശ്രീ. എം. നൗഷാദ്

ശ്രീ. ലിന്റോ ജോസഫ്

ഡോ. എം. കെ. മുനീർ

ശ്രീ. വി. ജോയി

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

2023 ഫെബ്രുവരി 9- ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 4.01 - ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Eighth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, February 8, 2023*

**No. 98**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Five Questions in the list of Questions posted for the day were answered orally.

[At the commencement of the Question Hour, the Members belonging to the Opposition shouted slogans, hoisted banners and placards and tried to disrupt the proceedings.]

*Obituary Reference*:

Shri Pinarayi Vijayan, Chief Minister made reference regarding those who lost their lives in the Earthquake that struck Turkey and Syria.

As a mark of respect to the deceased, the members stood in silence for a while.

*Adjournment Motion*:

After hearing the Minister for Local Self Government, Rural Development and Excise the Speaker withheld consent to the moving of an adjournment motion given notice of by Shri P. K. Basheer and five other Members regarding the serious situation reported to have arisen consequent to the crisis being faced by the homeless due to the lack of progress of the LIFE housing scheme.

(As a mark of protest against the attitude of the Government the Members belong to opposition staged a walkout.)

KNPP. 169/2023(ii).

*Calling Attention :*

1. Shri Job Maichil called the attention of the Minister for Water Resources to the necessity to implement the project of extending A. C. Canal from Onnamkara to Pallathuruthi to avoid continual flash flood. The Minister made a statement thereto.

2. Shri T. J. Vinod called the attention of the Minister for Water Resources to the necessity to set up a new water treatment plant at Aluva to solve the drinking water shortage in Kochi city and nearby areas. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | അഞ്ചരക്കണ്ടി പുഴയോര സംരക്ഷണം | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. എസ്. സുപാൽ | SBI-യെ സംബന്ധിച്ച പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാർ ഇടപെടൽ | ധനകാര്യ വകുപ്പുമന്ത്രി |
| 3 | ശ്രീ. മുരളി പെരുനെല്ലി | ചോട്ടിലപ്പാറ പാലം പുനർ നിർമ്മാണം | തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 4 | ശ്രീ. ടി. പി. രാമകൃഷ്ണൻ | കൊല്ലം-നെല്യാടി-മേപ്പയ്യൂർ റോഡ് പ്രവൃത്തി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 5 | ശ്രീ. അനൂപ് ജേക്കബ് | പെരുവ-പിറവം-പെരുവാമൂഴി റോഡ്, ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡ് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 6 | ശ്രീ. ഡി. കെ. മുരളി | വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 7 | ശ്രീ. സനീഷ്കുമാർ ജോസഫ് | ചാലക്കുടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 8 | ശ്രീ. ആന്റണി ജോൺ | തങ്കളം-കാക്കനാട് നാലുവരിപ്പാത | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 9 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. ഉബൈദുള്ള | സംസ്ഥാന വഖഫ് ബോർഡിനുള്ള ഗ്രാന്റിൽ വർദ്ധന | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം, ന്യൂനപക്ഷ ക്ഷേമം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports*:

i) The Ninth Report of the Committee on Public Undertakings was presented.

ii) The Second Report of the Committee on the Welfare of Fishermen and Allied Workers was presented.

*Financial Business*:

The General discussion on the budget for the financial year 2023-24 resumed. The following members took part in the discussion.

Smt. Kanathil Jameela

Smt. Uma Thomas

Shri E. T. Taison master

Shri Anoop Jacob

Shri Pramod Narayan

Shri A. Prabhakaran

Shri Ramachandran Kadannappalli

Smt. K. K. Rema

Shri M. Noushad

Shri Linto Joseph

Dr. M. K. Muneer

Shri V. Joy

Shri V. D. Satheesan, Leader of Opposition

Shri K.N. Balagopal, Finance Minister replied to the points raised during the discussion.

The House adjourned at 04.01 p.m. to meet again at 09.00 a.m. on Thursday, February 9, 2023.

A. M. Basheer,
*Secretary.*